

24-12-2021

FRIDAY വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T



**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 24/12/2021

1. പച്ചക്കറികളുടെ വില അനിയന്ത്രിതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ വിപണി ഇടപെടലുകളുടെ ഭാഗമായി കൃഷിവകുപ്പ് ന്യായവിലയ്ക്ക് പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് ഉപഭോക്താക്കൾക്ക് എത്തിക്കുന്ന പുതിയ സംരംഭമായ **തക്കാളി വണ്ടി** നടപ്പിലാക്കി. ഒരു കിലോ തക്കാളി 50 രൂപയ്ക്കും മിതമായ നിരക്കിൽ മറ്റു പച്ചക്കറികളും തക്കാളി വണ്ടിയിലൂടെ വില്പന നടത്തുന്നതായിരിക്കും. ഒരു ജില്ലയിൽ രണ്ട് വണ്ടി എന്നതോതിൽ 28 വണ്ടികൾ സംസ്ഥാനത്ത് ഓടിത്തുടങ്ങി. വിപണിയിലെ വില കുറയുന്നതിനനുസരിച്ച് ഉൽപ്പന്നങ്ങളുടെ വില കുറയുന്നതായിരിക്കും. എന്നാൽ വിപണി വില വർദ്ധിക്കുമ്പോൾ, കൃഷിവകുപ്പ് വിപണികളിൽ വില വ്യത്യാസമില്ലാതെ തുടരുന്നതാണ്.

2. തിരുവനന്തപുരം ആനയറ വേൾഡ്മാർക്കറ്റ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കൃഷിവകുപ്പ് വിൽപ്പനകേന്ദ്രത്തിൽ **നല്ലയിനം കുറ്റ്യാടി തെങ്ങിൻ തൈകൾ, പഴവർഗ്ഗചെടികൾ, ഓർണമെന്റൽ ചെടികൾ, ഗ്രോബാഗ്, ജൈവവളങ്ങൾ, പച്ചക്കറി വിത്തുകൾ, ജൈവകീടനാശിനികൾ** തുടങ്ങിയ ഉത്പന്നങ്ങൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9746692422** എന്ന നമ്പരിൽ ബന്ധപ്പെടുക.

3. **സരോജിനി ദാമോദരൻ ഫൗണ്ടേഷൻ** ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2009 മുതൽ നൽകിവരുന്ന 13-ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. മൂന്നു വർഷത്തിനുമേൽ പൂർണമായും ജൈവഭക്ഷണകൃഷി ചെയ്യുന്നവരെയാണ് അവാർഡിന് പരിഗണിക്കുന്നത്. വെള്ളക്കടലാസിൽ കൃഷിയുടെ ലഘുവിവരണവും, പൂർണ്ണ മേൽവിലാസവും, വീട്ടിൽ എത്തിച്ചേരുന്നതിനുള്ള വഴിയും, ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം. ഫോട്ടോകളോ മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം അയയ്ക്കാൻ പാടില്ല. അപേക്ഷകൾ 2022 **ജനുവരി** 31-ന് മുമ്പായി ലഭിച്ചിരിക്കണം. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം കെ.വി.ദയാൽ, അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ, ആലപ്പുഴ-688525. കൂടുതൽ വിവരങ്ങൾക്ക് **9447114526** എന്ന നമ്പരിൽ ബന്ധപ്പെടുക.

4. പെരുങ്കടവിള കൃഷിഭവൻ പരിധിയിലെ കാർഷിക ഉൽപ്പന്നങ്ങൾ തിരുവനന്തപുരം കോർപ്പറേഷൻ കൃഷിഭവന്റെ സഹായത്തോടെ ജനയുഗം പത്രമാഫീസിനു മുൻപിലെ അങ്കണത്തിൽ വച്ച് എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്ക് ഒരു മണിമുതൽ വൈകിട്ട് ആറുമണി വരെ കർഷകർ നേരിട്ട് വിപണനം നടത്തുന്നു. **വിളനിറവ്** എന്ന പേരിലറിയുന്ന ഈ കാർഷിക വിപണിയിൽ നാടൻ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, വാഴക്കുല, വാഴക്കൂമ്പ്, വാഴപ്പിണ്ടി, കുടംപുളി, നാളികേരം, തേൻ, മുട്ട തുടങ്ങിയ നാടൻ കാർഷികോത്പ്പന്നങ്ങൾ വിൽപ്പനയ്ക്ക് സജ്ജമാണെന്ന് പെരുങ്കടവിള കൃഷി ഓഫീസർ അറിയിക്കുന്നു.

**പരിശീലന പരിപാടികൾ**

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രത്തിൽ 2022 ജനുവരി മാസം 1-ാം തീയതി ആരംഭിക്കുന്ന "**ഹൈടെക് കൃഷി**" എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സിൽ (MOOC) പഠിക്കാൻ താല്പര്യമുള്ളവർ ഈ മാസം 31-നകം (ഡിസംബർ 31 നകം) പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പതിനൊന്ന് സെഷനുകളിലായി 25 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് കെഎയു MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന് പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് 2022 ജനുവരി 1 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

6. കേരള കാർഷിക സർവകലാശാലയിലെ വിജ്ഞാനവ്യാപന ഡയറക്ടറേറ്റിന്റെ കീഴിലുള്ള സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ കാർഷിക മേഖലയിലെ സംരംഭകർക്ക് ദിശാബോധം നൽകുന്നതിനും ആസൂത്രണം, നിർവ്വഹണം, വിപണനം, എന്നിങ്ങനെ സംരംഭകത്വത്തിന്റെ പ്രാഥമിക പാഠങ്ങൾ സ്വായത്തമാക്കുന്നതിനുള്ള **പാഠശാല – ഫാം ബിസിനസ്സ് സ്കൂൾ (നാലാമത്തെ ബാച്ച്)** ആരംഭിക്കുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ പത്തു ദിവസത്തെ ഓൺലൈൻ പരിശീലന പരിപാടിയായിട്ടാണ് ഫാം ബിസിനസ്സ് സ്കൂൾ നടത്തുക. കൂടാതെ രണ്ടു ദിവസത്തെ പ്രാക്ടിക്കൽ ക്ലാസുകൾ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ഓരോ ബാച്ചിലും 20 സംരംഭകർക്കാണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലനം നൽകുന്നത്. ഫാം ബിസിനസ്സ് സ്കൂളിന്റെ നാലാമത്തെ ബാച്ച് 2022 ജനുവരി 10 മുതൽ ആരംഭിക്കുന്നതാണ്. കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത ഹയർസെക്കന്ററി. 2500 രൂപയാണ് അപേക്ഷ ഫീസ്. അപേക്ഷ നൽകേണ്ട അവസാന തിയതി **ജനുവരി 03.** https://forms.gle/LEHTjK7M68FoMvE27 എന്ന രജിസ്ട്രേഷൻ ലിങ്കിലൂടെ പരിശീലന പരിപാടിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.കൂടുതൽ വിവരങ്ങൾക്ക് www.kau.in / www.cti.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ **0487-2371104** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

7. വെള്ളായണി കാർഷിക കോളേജ് ട്രെയിനിംഗ് സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 28, 29 തീയതികളിൽ **ബഡ്ഡിംഗ് ആന്റ് ഗ്രാഫ്റ്റിംഗ്, ടെറേറിയം നിർമ്മാണം** എന്നീ വിഷയങ്ങളിൽ ദ്വിദിന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലന ഫീസ് 500 രൂപയാണ്. താൽപര്യമുള്ളവർ **8848420984, 9495118208** എന്നീ നമ്പരുകളിലോ, **8848420984** എന്ന വാട്ട്സാപ്പ് നമ്പരിലൂടെയോ, tssvellayni@kau.in എന്ന ഇ-മെയിൽ വിലാസത്തിലൂടെയോ, കാർഷിക കോളേജ്, വെള്ളായണിയിലെ സോഷ്യൽ സയൻസ്/കാർഷിക വിജ്ഞാന വ്യാപന വിഭാഗം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് സർവ്വീസ് സ്കീമിന്റെ ഓഫീസിൽ നേരിട്ടോ ബന്ധപ്പെടുക.

8. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് വേണ്ടി ഡിസംബർ അവസാന വാരം **"കറവപ്പശു പരിപാലനം"** എന്ന വിഷയത്തിൽ 3 ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഇന്ന് (24/12/2021 ന്) 5 മണിയ്ക്ക് മുമ്പ് **0494-2962296, 8089293728** എന്ന നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**9.** റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (DRC) നിർണയിക്കുന്നതിൽ മൂന്നു ദിവസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോഴ്സിൽ ചേരാൻ താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj

എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പരിലോ **7306464582** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം